സ.ഉ.(സാധാ) നം.452/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ചന്ദന ലേലം - ഡ്രൈയേജ് ഇനത്തിൽ ചന്ദനം കുറവ് വന്നത്- തുക റീഫണ്ട് ചെയ്യുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.452/2022/F&WLD തീയതി,തിരുവനന്തപുരം, 25-10-2022

---

| | |
|---|---|
| പരാമർശം | പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ് )ന്റെ 29/09/2018, 20/09/2022 തീയതികളിലെ പ്രൊ(5)-32756/18 നമ്പർ കത്തുകൾ. |

**ഉത്തരവ്**

മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 05.02.2015, 06.02.2015 എന്നീ തീയ്യതികളിൽ നടന്ന ചന്ദനലേലത്തിൽ മെ. തിരുവമ്പാടി ദേവസ്വം എന്ന സ്ഥാപനം ലേലംകൊണ്ട ചന്ദനത്തിന്റെ വിലയായി 52,58,113/- രൂപ ദേവികുളം സബ്ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതും, എന്നാൽ ടി സ്ഥാപനം വിളിച്ചെടുത്ത 378.400 Kg ചന്ദനത്തിൽ 8.620 Kg-ന് ഡ്രൈയേജ് സംഭവിച്ചതിനാൽ , 369.780 Kg ചന്ദനമാണ് റിലീസ് ചെയ്തതെന്നും, ഡ്രൈയേജ് സംഭവിച്ച 8.620 Kg ചന്ദനത്തിന്റെ വിലയായ 1,04,636/- രൂപ റീഫണ്ട് ചെയ്ത് നൽകുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശിത കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 05.02.2015, 06.02.2015 എന്നീ തീയ്യതികളിൽ നടന്ന ചന്ദനലേലത്തിൽ മെ.തിരുവമ്പാടി ദേവസ്വം വിളിച്ചെടുത്ത 378.400 Kg ചന്ദനത്തിൽ ഡ്രൈയേജ് സംഭവിച്ച 8.620 Kg ചന്ദനത്തിന്റെ വിലയായ 1,04,636/- രൂപ (ഒരു ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) തിരികെ നൽകുവാൻ, ഇത്തരത്തിലുള്ള കേസുകൾ ആവർത്തിച്ച് വരുന്ന സാഹചര്യത്തിൽ ചന്ദനത്തടികൾ ക്ലീൻ ചെയ്ത് പൂർണ്ണമായും ഉണങ്ങിയതിന് ശേഷം മാത്രം ലേലത്തിൽ വയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ് എന്ന നിർദ്ദേശത്തോടെ, പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR A R
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വർട്ടേഴ്സ് , തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ് ക്വർട്ടേഴ്സ് , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( Agri-C2/130/2018-Fin dated 27/12/2018 പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ *(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Ravindran C**
**Date: 25-10-2022 17:28:28**
സെക്ഷൻ ഓഫീസർ

പകർപ്പ്-മുഖ്യമന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്